# മറവിടം

## സങ്കീർത്തനം 32:5

**"നീ എനിക്കു മറവിടമാകുന്നു. നീ എന്നെ കഷ്ടത്തിൽ നിന്നു സൂക്ഷിക്കും. രക്ഷയുടെ ഘോഷംകൊണ്ടു നീ എന്നെ ചുറ്റിക്കൊള്ളും."**

പാപം മൂടിവെയ്ക്കാതെ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുന്നവന് ലഭിക്കുന്ന വിശ്രമമുള്ള ഹൃദയത്തിന്റെ ഉറപ്പും ഉല്ലാസവുമാണ് നാം കണ്ടത്. കാരണം, ദൈവം അവന്റെ മറവിടമാകുന്നു. കഷ്ടത്തിലും അവൻ മറയ്ക്കപ്പെട്ടു, സംരക്ഷിക്കപ്പെടും. ഒരു യഥാർത്ഥ ദൈവഭക്തന്റെ ഉറപ്പും ആശ്രയവും നമുക്ക് സങ്കീർത്തനക്കാരൻ തരുന്നു.

ഇന്ന് ആകുല ചിന്തയിലും നിരാശയിലും അകപ്പെട്ട അനേകർ അല്പം സമാധാനം ലഭിപ്പാൻ, വിടുതൽ അനുഭവിപ്പാൻ മദ്യത്തിലും മയക്കുമരുന്നിലും ആശ്രയിക്കുന്നു. നല്ല ഉറക്കം അവർക്ക് ഉറക്കഗുളികയിലൂടെ ലഭിക്കുന്നു. എന്നാൽ ദൈവസന്നിധിയിൽ പാപങ്ങൾ ഏറ്റുപറഞ്ഞ് ഉപേക്ഷിച്ച ഒരു ദൈവപൈതലിന് ഈ വക സാധനങ്ങളുടെ ഒന്നും ആവശ്യമില്ല. അവനെ രക്ഷിച്ച ദൈവം കൂടെയുണ്ട്. ആ രക്ഷയുടെ ഉറപ്പിൽ ഒരു ഉല്ലാസം ഉണ്ട്, ഘോഷം ഉണ്ട്. ഇവ അവനെ ചുറ്റും എന്നാണ് ദൈവവചനം ഉറപ്പുതരുന്നത്.

കാലാവസ്ഥയനുസരിച്ച് നാം വസ്ത്രം ധരിക്കും. ചൂടിനും, തണുപ്പിനും അനുയോജ്യമായതുകൊണ്ട് ശരീരം ചുറ്റപ്പെട്ടാലെ യഥാർത്ഥമായ ആശ്വാസം ലഭിക്കൂ. അതല്ലെങ്കിൽ നമ്മുടെ ശരീരം പ്രതികൂല സാഹചര്യവുമായി പോരാടി ക്ഷീണത്തിലും അനാരോഗ്യത്തിലും ആയിത്തീരും. ദൈവകൃപയുടെ ശക്തി അനുഭവിച്ചറിയുന്നവർക്ക്, പാപക്ഷമ പ്രാപിച്ചവന് ഒരു വസ്ത്രം എന്നപോലെ രക്ഷയുടെ ഉല്ലാസം അവനെ ചുറ്റിയിരിക്കുന്നു. ഏതു പ്രതികൂലങ്ങളിലും പെരുവെള്ളങ്ങളുടെ അനുഭവങ്ങളിലും ഈ സുഖം അവന്റെ കൂടെയുണ്ട്. നമ്മെ ക്ഷീണിപ്പിക്കാതെ, മനസ്സിന്റെയും ആത്മാവിന്റെ ശക്തിയും ആരോഗ്യവും പ്രദാനംചെയ്തുകൊണ്ട് മറവിടമായ ക്രിസ്തു നമ്മെ മറച്ചിരിക്കുന്നു. അതേ, 'രക്ഷ'കൊണ്ട് അവൻ മറക്കുന്ന അനുഭവം ഇത് തീർച്ചയായും ഒരു ഭാഗ്യ പദവി തന്നെ ആകുന്നു. അതുകൊണ്ടാണ് 32–ാം സങ്കീർത്തനം തുടങ്ങുമ്പോൾ തന്നെ ആ ഭാഗ്യവർണ്ണന സങ്കീർത്തനക്കാരൻ വെളിപ്പെടുത്തുന്നത്. **(Psalm 32:1)** 'ലംഘനം ക്ഷമിച്ചും പാപം മറെച്ചും കിട്ടിയവൻ ഭാഗ്യവാൻ'.

പാപക്ഷമ ലഭിച്ചവന് ഹൃദയത്തിൽ സ്വസ്ഥതയും, ധൈര്യവും ഉണ്ട്. കാരണം നടക്കേണ്ടുന്ന വഴി ഉപദേശിച്ചു കൊടുത്ത് ദൃഷ്ടിവെച്ച് ആലോചന ചൊല്ലാൻ സദാ ഒരു സാന്നിദ്ധ്യം അവനുണ്ട്. പെരുവെള്ളമാകുന്ന പ്രശ്നങ്ങളും പ്രതികൂലങ്ങളും

പ്രതിസന്ധികളും എത്ര കവിഞ്ഞാലും ദൈവീകകരങ്ങളിൽ അമർന്നിരിക്കുന്ന ഭക്തന് അഥവാ ഭാഗ്യവാന് ഭയപ്പെടേണ്ടതില്ല എന്ന ഉറപ്പ് ഈ വചനത്തിലൂടെ തരുന്നു.

ഇന്ന് തമ്പുരാൻ ദാനമായി തന്നിരിക്കുന്ന വസ്ത്രത്തിന്റെ വില 'രക്ഷയുടെ ഉല്ലാസ ഘോഷത്തിന്റെ' മഹത്തായ വില നമുക്ക് ഒരിക്കൽ കൂടി പുതുസമർപ്പണത്തോടെ ഏറ്റെടുക്കാം. ഏതു മരവിപ്പിലും, തണുപ്പിലും ഊഷ്മളത തരുന്നതും, കൊടുങ്കാറ്റിലും മരുഭൂമിയുടെ ഉഷ്ണചൂടിലും സാന്ത്വനം തരുന്നതുമായ രക്ഷകന്റെ സാന്നിധ്യം എത്ര അതിശയകരമാകുന്നു. നമുക്ക് സ്തോത്രത്തോട, നന്ദിയോടെ അവന്റെ മറവിടത്തിൽ ചാഞ്ഞിരുന്നു ജീവിക്കാം.

പരാമർശം:

സങ്കീർത്തനം 91:1-2

അത്യുന്നതന്റെ മറവിൽ വസിക്കയും സർവ്വശക്തന്റെ നിഴലിൻ കീഴിൽ പാർക്കയും ചെയ്യുന്നവൻ യഹോവയെക്കുറിച്ചു: അവൻ എന്റെ സങ്കേതവും കോട്ടയും ഞാൻ ആശ്രയിക്കുന്ന എന്റെ ദൈവവും എന്നു പറയുന്നു.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 126**